**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2205** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്ത് അങ്കണവാടി ജീവനക്കാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | **Smt. K. K .Shailaja Teacher** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് കാലത്ത് അങ്കണവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും സേവനം ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വ്യക്തമാക്കാമോ; | (എ) | കോവിഡ് കാലത്ത് അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം ചുവടെപ്പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. i) അങ്കണവാടി പ്രവർത്തകർ, കോവിഡ് കാലത്ത് ക്വാറന്റീനിൽ കഴിഞ്ഞിരുന്ന ആളുകളുടെ ക്ഷേമം അന്വേഷിക്കുകയും ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയുമുണ്ടായി. ii) 60 വയസ്സിന് മേൽ പ്രായമുള്ള വയോജനങ്ങളുടെയും മറ്റ് രോഗങ്ങളാൽ ഭവനങ്ങളിൽ കഴിഞ്ഞിരുന്ന ആളുകളുടെയും വിവരങ്ങൾ അങ്കണവാടി പ്രവർത്തകർ ശേഖരിക്കുകയുണ്ടായി. കൂടാതെ ഇവർ, സർക്കാർ ഏർപ്പെടുത്തിയിരുന്ന reverse quarantine-ൽ ഉണ്ടായിരുന്നവരുടെ ക്ഷേമ വിവരങ്ങൾ ടെലഫോൺ മുഖേന ആരായുകയും മരുന്നും മറ്റ് ആവശ്യമുള്ള സേവനങ്ങളും എത്തിക്കുകയും ചെയ്തു. രോഗത്താൽ മാനസിക വിഷമമനുഭവിക്കുന്നവർക്ക് കൗൺസിലിംഗ് ലഭ്യമാക്കുന്നതിനും അങ്കണവാടി പ്രവർത്തകർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. iii) കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട് 10/12/2020ൽ ചേർന്ന ആദ്യത്തെ State Steering Committee മീറ്റിംഗിൽ, സമൂഹത്തിൽ കോവിഡ് വാക്സിനേഷൻ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് അങ്കണവാടി വർക്കർമാരെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. iv) കോവിഡ് വ്യാപനത്താൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, അങ്കണവാടി ഗുണഭോക്താക്കളായ 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടി മുഖേന നൽകി വന്നിരുന്ന അനുപൂരക പോഷകാഹാരം, ടേക്ക് ഹോം |

| | | | |
|---|---|---|---|
| | | | റേഷനായി വർക്കർമാർ ഗുണഭോക്താക്കളുടെ ഭവനത്തിൽ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തിൽ തുടങ്ങിയ ഈ പദ്ധതി നിലവിൽ 2021 ജനുവരി 31 വരെ തുടരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അങ്കണവാടികൾ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കുട്ടികൾക്കുള്ള ഭക്ഷണസാമഗ്രികൾ അവരുടെ വീടുകളിൽ എത്തിക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നോ; ആയത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് വ്യാപനം മൂലം അങ്കണവാടികൾ പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അങ്കണവാടി ഗുണഭോക്താക്കളായ 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടി മുഖേന നൽകി വന്നിരുന്ന അനുപൂരക പോഷകാഹാരം ടേക്ക് ഹോം റേഷനായി അങ്കണവാടി വർക്കർമാർ ഗുണഭോക്താക്കളുടെ ഭവനത്തിൽ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തിൽ തുടങ്ങിയ ടി പദ്ധതി നിലവിൽ 2021 ജനുവരി 31 വരെ തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അങ്കണവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും അധികമായി രണ്ട് ജോടി യൂണിഫോം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്? | (സി) | സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സമ്പുഷ്ട കേരളം പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം രണ്ട് അഡീഷണൽ യൂണിഫോം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 5,29,84,000/-രൂപ (അഞ്ച് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ